(സന്ദർശക ഗ്യാലറിയിലിരുന്ന് മുദ്രാവാക്യം വിളിച്ചവരെ സുരക്ഷാവിഭാഗം ജീവനക്കാർ പുറത്തേയ്ക്ക് പിടിച്ചുകൊണ്ടുപോകുകയും മുദ്രാവാക്യം വിളിച്ചതിൽപ്പെട്ട കുട്ടിയെ സുരക്ഷാവിഭാഗം ജീവനക്കാർ മർദ്ദിച്ചുവെന്നാരോപിച്ച് പ്രതിപക്ഷാംഗങ്ങൾ സ്പീക്കറുടെ ഡയസിന് സമീപംവന്നുനിന്ന് ബഹളംവയ്ക്കുകയും ചെയ്തു.)

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, കുട്ടിയെ അടിക്കുകയാണ്. .....ബഹളം....

മി. സ്പീക്കർ: ആരാണ് അടിച്ചത്. .....ബഹളം.... അത് ചെയർ അന്വേഷിക്കാം. .....ബഹളം.... ചെയർ അന്വേഷിക്കാം. .....ബഹളം.... നിങ്ങൾ ഒരു കാര്യം മനസ്സിലാക്കണം. നിയമസഭാ ഗ്യാലറി വെളിയിൽ നിന്നും വരുന്ന ആളുകൾക്ക് മുദ്രാവാക്യം വിളിക്കാനുള്ള വേദിയല്ല. ദയവായി അംഗങ്ങൾ ഇതിനെ പ്രോത്സാഹിപ്പിക്കരുത്. ഇത് തെറ്റായ നടപടിയാണ്. ദയവായി ഇതിനെ പ്രോത്സാഹിപ്പിക്കരുത്. ഇത് നിയമസഭാ അംഗങ്ങൾക്കുള്ള വേദിയാണ്. വെളിയിൽനിന്നും വരുന്ന ആളുകൾക്ക് മുദ്രാവാക്യം വിളിക്കാനുള്ള വേദിയല്ല നിയമസഭ. ദവയവുചെയ്ത് നിങ്ങൾ ഇതിനെ പ്രോത്സാഹിപ്പിക്കരുത്.

ഇത് വളരെ മോശമാണ്. (പ്രതിപക്ഷാംഗങ്ങൾ അവരവരുടെ സീറ്റുകളിലേയ്ക്ക് തിരികെപ്പോയി). ബഹുമാനപ്പെട്ട അംഗങ്ങളെല്ലാവരും അവരവരുടെ സീറ്റുകളിൽ ഇരുന്നാൽ മാത്രമേ അടിയന്തര പ്രമേയം എടുക്കാൻ കഴിയുകയുള്ളൂ.

**റൂളിംഗ്**

മി. സ്പീക്കർ: സന്ദർശക ഗ്യാലറിയിലിരുന്ന് മുദ്രാവാക്യം വിളിക്കുന്ന രംഗം ക്യാമറകൾ പകർത്തിയിട്ടുണ്ട്. ഒരു കാരണവശാലും ഇത് മാധ്യമങ്ങൾ പ്രക്ഷേപണം ചെയ്യാൻ പാടില്ലെന്ന് ചെയർ റൂൾ ചെയ്യുന്നു.